**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1230** — **18-09-2025 - ൽ മറുപടിയ്ക്ക്**

**കുന്നുമ്മൽ വോളിബോൾ അക്കാദമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കുന്നുമ്മൽ വോളിബോൾ അക്കാദമിയുടെ നിർമ്മാണ പ്രവൃത്തികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ; പ്രസ്തുത പ്രവൃത്തി 2025 വർഷത്തിൽ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) | കുന്നുമ്മൽ വോളിബോൾ അക്കാദമിയുടെ നിർമ്മാണ പ്രവർത്തിയ്ക്ക് 1.00 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ടി പ്രവൃത്തിക്ക ടെൻഡർ ക്ഷണിക്കുകയും ശ്രീ.മുബീൻ.എം.എ കാസർഗോഡ് എന്ന കരാറുകാരനുമായി 84.55 ലക്ഷം രൂപയ്ക്ക് 19.07.2024 ന് കരാറിൽ ഏർപ്പെട്ട് പ്രവൃത്തി ആരംഭിക്കുകയു ചെയ്തിട്ടുണ്ട്. ടി സ്ഥലം വളരെ ചരിഞ്ഞ പ്രതലമായതിനാൽ മൂന്നായി തരം തിരിച്ചാണ റീട്ടെയ്നിംഗ് വാളിന്റെ നിർമ്മാണം നടത്തുന്നത് നിലവിൽ താഴത്തെ റീട്ടെയ്നിംഗ് വാളിന്റെ നിർമ്മാണ പ്രവർത്തനമാണ് നടന്നു വരുന്നത് മെറ്റീരിയൽ ലഭ്യമാകാത്തതും മഴക്കാലമായതിനെത്തുടർന്ന് ടി സ്ഥലത്ത വാഹനങ്ങൾ കുടുങ്ങുന്നതും മെറ്റീരിയൽ കൊണ്ടുവരുന്നതിന് ബുദ്ധിമുട്ടാക്കി. ഇര പ്രവൃത്തി നടപ്പിലാക്കുന്നതിന കാലതാമസമുണ്ടാക്കി. എങ്കിലും നിലവിൽ പ്രവൃത്തി പുനരാരംഭിച്ചതായി സ്പോർട്സ് കേരള ഫൗണ്ടേഷൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട് നിലവിൽ ഡി.ആർ റീട്ടെയ്നിംഗ് വാളിന്റെ പ്രവൃത്തി നടന്നു വരുന്നു. ഇതിൽ ബൽറ്റ കോൺക്രീറ്റ് പ്രവൃത്തി പുരോഗമിക്കുന്നു. 25% പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. 2025 ഡിസംബർ അവസാനത്തോടെ ടി പ്രവൃത്തി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| (ബി) | കുന്നമ്മൽ വോളിബോൾ അക്കാദമിയുടെ ഹോസ്റ്റൽ നിർമ്മാണത്തിനായി ബജറ്റിൽ വകയിരുത്തിയ രണ്ടുകോടി രൂപയുടെ പദ്ധതി ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ? | (ബി) | **2024-25 ബഡ്ജറ്റിൽ ക്രമ നമ്പർ 880 ആയി കുന്നമ്മൽ വോളീബോൾ അക്കാദമിയുടെ ഹോസ്റ്റൽ ബിൽഡിംഗ് പ്രവൃത്തി ഉൾപ്പെട്ടിട്ടുണ്ട്. കുന്നമ്മൽ വോളിബോൾ അക്കാദമിയുടെ ഒന്നാംഘട്ട നിർമ്മാണ പ്രവൃത്തിയിൽ ഉൾപ്പെട്ട ലാന്റ് ഡെവലപ്പ്മെന്റ് വർക്കിൽ നിലവിലുള്ള ഭൂമി റീട്ടെയിനിംഗ് വാൾ ചെയ്ത് രണ്ട് തട്ടായി ലെവലിംഗ് പൂർത്തിയാക്കിയാൽ മാത്രമേ ഈ പ്രവൃത്തി ചെയ്യാൻ സാധിക്കുകയുള്ളൂ. വലിയ ലെവൽ വ്യത്യാസത്തിൽ കാട് പിടിച്ചു കിടക്കുന്ന പ്രദേശമായതിനാലാണ് എസ്റ്റിമേറ്റ് എടുക്കാൻ സാധിക്കാതെ വന്നതെന്നും എത്രയുംവേഗം ഹോസ്റ്റൽ ബിൽഡിംഗിനുള്ള പ്ലാനും സ്ട്രക്ച്ചറൽ ഡിസൈനും ഉൾപ്പെടെ തയ്യാറാക്കി ഭരണാനുമതിക്കായി എസ്റ്റിമേറ്റ് സമർപ്പിക്കുന്നതാണെന്നും സ്പോർട്സ് കേരളാ ഫൗണ്ടേഷൻ അറിയിച്ചിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ